# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ -329

08.02..2016-ലെ മറുപടിക്ക്

## ടൈറ്റാനിയം അഴിമതി

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.സാജു പോൾ<br>,, വി.ചെന്താമരാക്ഷൻ<br>,, വി.ശിവൻകുട്ടി : | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ, മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്കെതിരായുള്ള അഴിമതി ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | പ്രസ്തുത വിജിലൻസ് അന്വേഷണ (വി.ഇ.30/2006/എസ്.ഐ.യു-I) ത്തിന്റെ റിപ്പോർട്ട് ബഹു. തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ചു. |
| (ബി) സി.എം.പി. നമ്പർ 802/2011 എന്ന കേസിൽ തിരുവനന്തപുരം എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് 28.08.14-ന പുറപ്പെടുവിച്ച വിധിയിൽ പ്രതികൾക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് ഉത്തരവുണ്ടായിരുന്നുവോ; | (ബി) | പ്രസ്തുത വിജിലൻസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിൽ 28.08.2014 തീയതിയിൽ ബഹു. എൻക്വയറി കമ്മീഷണർ ആൻറ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം പുറപ്പെടുവിച്ച വിധിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് ഉത്തരവിട്ടിരുന്നു. |
| (സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതിയുടെ താത്കാലിക ഉത്തരവ് പിന്നീട് പിൻവലിക്കുകയും, ഇതിനാധാരമായ ഹർജി തള്ളുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ | (സി) | ടി ഉത്തരവിനെതിരെ വിജിലൻസ് കേസിലെ കുറ്റാരോപിതനായ ശ്രീ.ടി.ബാലകൃഷ്ണൻ സമർപ്പിച്ച ഹർജിയിൽ ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ടുള്ള താൽക്കാലിക ഉത്തരവ് |

എപ്പോൾ;

19.12.2014-ൽ പിൻവലിക്കുകയും ചെയ്തു.

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ഡി) Crl.MP.845/2006 എന്ന പരാതിയിൽ പ്രതികളായി ചേർത്തിട്ടുള്ളവരുടെ പേരിൽ 20.01.2015 തീയതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് വി.സി.01/2015/എസ്.ഐ.യു-I എന്ന നമ്പരിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചു. പ്രസ്തുത വിജിലൻസ് കേസന്വേഷണത്തിലെ കുറ്റാരോപിതരായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ, ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി) ലിമിറ്റഡ്.
2. ശ്രീ.ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്.
3. ശ്രീ.സന്തോഷ് കുമാർ, ചീഫ് മാനേജർ, ടി.ടി.പി ലിമിറ്റഡ്.
4. ശ്രീ.എ.എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്.
5. ശ്രീ.തോമസ് മാത്യു മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്.
6. ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്.

(ഇ) ആരോപണവുമായി ബന്ധപ്പെട്ട് ആരുടെയെല്ലാം പരാതികളായിരുന്നു അന്വേഷണ വിധേയമാക്കിയിട്ടുണ്ടായിരുന്നത്; പരാതികളിൽ ആരോപണ വിധേയരായിട്ടുള്ളവർ ആരൊക്കെയായിരുന്നു വിശദാംശം വ്യക്തമാക്കുമോ?

(ഇ) ശ്രീ.സെബാസ്റ്റ്യൻ പോൾ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും അന്വേഷണം നടന്നുവരവെ 2006-ൽ ശ്രീ.സുനിൽ കുമാർ എന്ന

വ്യക്തി ബഹു. എൻക്വയറി കമ്മീഷണർ ആൻറ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച Crl.MP.845/2006 നമ്പർ പരാതിയും, 2011-ൽ ശ്രീ.ജയൻ എന്ന വ്യക്തി ബഹു. എൻക്വയറി കമ്മീഷണർ ആൻറ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം കോടതിയിൽ സമർപ്പിച്ച Crl.MP.802/2011 നമ്പർ പരാതിയും ടി വിജിലൻസ് അന്വേഷണത്തിനോടൊപ്പം കൂട്ടിച്ചേർത്തന്വേഷിച്ചു. പ്രസ്തുത പരാതികൾ പ്രകാരം ആരോപണവിധേയരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ.ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്.
2. ശ്രീ.സന്തോഷ് കുമാർ, ചീഫ് മാനേജർ (marketing), ടി.ടി.പി ലിമിറ്റഡ്.
3. ശ്രീ.എ.എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്.
4. ശ്രീ.തോമസ് മാത്യു മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്.
5. ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്.
6. ശ്രീ.ഉമ്മൻചാണ്ടി, ബഹു. മുഖ്യമന്ത്രി
7. ശ്രീ.ടി.ബാലകൃഷ്ണൻ ഐ.എ.എസ്, മുൻ ചെയർമാൻ, ഡയറക്ടർ ബോർഡ്, ടി.ടി.പി ലിമിറ്റഡ്. തിരുവനന്തപുരം.
8. ശ്രീ.രമേശ് ചെന്നിത്തല, മുൻ കെ.പി.സി.സി പ്രസിഡൻറ്.
9. ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്, മുൻ വ്യവസായ വകുപ്പ മന്ത്രി.

10. ശ്രീ.രാജീവൻ, പ്രൊപ്രൈറ്റർ, M/s. Grintex Enterprises.
11. ശ്രീ.ഗംഗാധരൻ, ചീഫ് എഞ്ചിനീയർ (Rtd.) & Chief Project Manager, TTPL.
12. ശ്രീ.ഡി.കെ.ഭാസു, General Manager, M/s.Meccon India Ltd.
13. ശ്രീ.സുജനപാൽ, മുൻ മന്ത്രി, ആരോഗ്യ പരിസ്ഥിതി വകുപ്പ്.

സെക്ഷൻ ഓഫീസർ